No.CEE/500/2018/5LLB-2018//TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ ലോ കോളേജുകളിലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലെ പ്രവേശനത്തിനായുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 21.09.2018 ന് പ്രസിദ്ധീകരിച്ചിരുന്നു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 25.09.2018–ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശനം നേടണമെന്നും അറിയിച്ചിരുന്നു. 25.09.2018–ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം സീറ്റുകൾ ഒഴിവുള്ള പക്ഷം അവ നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് **2018 സെപ്റ്റംബർ 27–ാം തീയതി തിരുവനന്തപുരത്ത് പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ റ്റി.ജെ.എം ഹാളിൽ വച്ച്** പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള 2018–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ. എൽ.ബി കോഴ്സ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരം യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

**സ്പോട്ട് അലോട്ട്മെന്റിനു വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 25.09.2018 വൈകുന്നേരം 7 മണി മുതൽ 26.09.2018 വൈകുന്നേരം 8 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Integrated Five Year LL.B 2018 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Spot Allotment Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് രജിസ്ട്രേഷൻ സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് രജിസ്ട്രേഷൻ സ്ലിപ്പുമായി സെപ്റ്റംബർ 27–ാം തീയതി താഴെപ്പറയും പ്രകാരം സ്പോട്ട് അലോട്ട്മെന്റ് കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

| | |
|---|---|
| **1 മുതൽ 2000 വരെ റാങ്കുള്ള വിദ്യാർത്ഥികൾ** | **രാവിലെ 10 മണിയ്ക്ക്** |
| **2001 മുതൽ റാങ്കുള്ള വിദ്യാർത്ഥികൾ** | **ഉച്ചയ്ക്ക് 2 മണിയ്ക്ക്** |

**സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ**

i) ഒരു സർക്കാർ ലോ കോളേജിൽ ഏതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ ലോ കോളേജിലെ അതേ കോഴ്സിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റിൽ മാറ്റം അനുവദിക്കുന്നതല്ല. എന്നാൽ മറ്റൊരു സർക്കാർ ലോ കോളേജിലേയ്ക്ക് കോഴ്സ് മാറ്റം അനുവദിക്കുന്നതാണ്.

ii) ഒരു സ്വാശ്രയ ലോ കോളേജിൽ ഏതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥിയ്ക്ക് മറ്റൊരു സ്വാശ്രയ ലോ കോളേജിലെ അതേ കോഴ്സിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റിൽ മാറ്റം അനുവദിക്കുന്നതല്ല. എന്നാൽ സ്വാശ്രയ കോളേജുകൾ തമ്മിലോ അതേ കോളേജിലേയ്ക്കോ കോഴ്സ് മാറ്റം അനുവദിക്കുന്നതാണ്.

iii) സ്വാശ്രയ ലോ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ലോ കോളേജുകളിലേയ്ക്കോ തിരിച്ചോ ഒരേ കോഴ്സിനായാലും സ്പോട്ട് അലോട്ട്മെന്റിൽ മാറ്റം അനുവദിക്കുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **29.09.2018 വൈകുന്നേരം 5 മണിയ്ക്കകം** പ്രോസ്പെക്ടസ് ക്ലോസ് 18–ൽ പറഞ്ഞിരിക്കുന്ന അസ്സൽ രേഖകളുമായി അതത് കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരമുള്ള വാർഷിക ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റു ഫീസ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ പ്രവേശനം നേടുന്ന സമയത്ത് ഒടുക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
25.09.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**